LIBRARY ARCHIVES Kerala Legislative Assembly

പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം

232 (978) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് കുറുമാലിപ്പുഴയിൽ ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാകാത്തതും പാലത്തിന്റെ അപ്രോച്ച് റോഡിൽ ഗർത്തങ്ങൾ രൂപപ്പെട്ടതുംമൂലം ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗതാഗത തടസ്സം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും അതുവരെ താൽക്കാലിക ഗതാഗത സൗകര്യമൊരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) താൽക്കാലിക ഗതാഗതസൗകര്യമൊരുക്കുന്നതിനുള്ള എസ്റ്റിമേറ്റിനും ഡിസൈനും അംഗീകാരം നൽകാനും ആവശ്യമായ തുക അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(ബി&സി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും താൽക്കാലിക ഗതാഗത സൗകര്യമൊരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 16-8-2021, 30-8-2021 തീയതികളിൽ ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും അതുവരെ താൽക്കാലിക ഗതാഗത സൗകര്യമൊരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുവാൻ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി-യെ ചുമതലപ്പെടുത്തിയിരുന്നു. അതനുസരിച്ച് പാലത്തിലൂടെ ചെറിയ വാഹനങ്ങൾ കടന്നുപോകുന്നതിനായി കേടു വന്ന ഇടതുകര അപ്രോച്ച് റോഡിന്റെ ഭാഗത്ത് താൽക്കാലിക ഗതാഗത സംവിധാനം ഒരുക്കുന്നതിന് KERI, ഡയറക്ടർ തയ്യാറാക്കിയ സ്റ്റീൽ ബ്രിഡ്ജിന്റെ ഡിസൈൻ ആവശ്യമായ പരിശോധനകൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യുടെ കാര്യാലയത്തിൽ നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-യിൽനിന്നും അംഗീകാരം ലഭിച്ചാലുടൻ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.